**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 332** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ഒ എസ് അംബിക | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | 2011-16 കാലയളവിൽ പട്ടിണി കൊണ്ടും ആരോഗ്യപരിപാലന സംവിധാനത്തിന്റെ അപര്യാപ്തത കൊണ്ടും അട്ടപ്പാടിയിൽ പട്ടികഗോത്രങ്ങളിൽപ്പെട്ട നിരവധി ശിശുക്കൾ മരിക്കാനിടയായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ നിന്നും പാഠമുൾക്കൊണ്ട് പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനുള്ള സമഗ്ര പദ്ധതി കൂടുതൽ ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. അട്ടപ്പാടിയിൽ ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടിയും സർക്കാരിന്റെ മറ്റ് ഏജൻസികൾ വഴിയും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി. കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടി കൾക്കും പോഷകാഹാര വിതരണം. മില്ലറ്റ് വില്ലേജ് / നമത് വെള്ളാമെ പദ്ധതി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ജനനിജന്മ രക്ഷാ പദ്ധതി സിക്കിൾസെൽ അനീമിയ രോഗികൾക്ക് ധനസഹായ പദ്ധതി ഫുഡ് സപ്പോർട്ട് പദ്ധതി അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം. പെരിന്തൽമണ്ണ സഹകരണ ആശുപത്രിയിൽ അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി സ്പെഷ്യാലിറ്റി ചികിൽസ നൽകി വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് യഥാസമയം ആധുനിക ചികിത്സാ സമ്പ്രദായ പ്രകാരമുള്ള ചികിത്സ ലഭ്യമാക്കാൻ അവസരമൊരുക്കുന്നതിനും സൗജന്യമായി ചികിത്സ നൽകുന്നതിനുമുള്ള പദ്ധതിയുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ചുവടെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതായി വിലയിരുത്തിയിട്ടുണ്ട്. ആരോഗ്യ സംരക്ഷണ പദ്ധതികൾ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം കേരളത്തിൽ പട്ടികവർഗ്ഗ മേഖലകളിലായി ആധുനിക സൗകര്യങ്ങളോടുകൂടിയ 16 മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ ആംബുലൻസ് സേവനം ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ പോഷകാഹാര കുറവുകൊണ്ടുള്ള മാതൃ-ശിശു മരണങ്ങൾ ഇല്ലാതാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | പട്ടികവർഗ്ഗക്കാർക്കിടയിൽ പോഷകാഹാര കുറവു കൊണ്ടുള്ള മാതൃ-ശിശു മരണങ്ങൾ ഇല്ലാതാക്കുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി, മുലയൂട്ടുന്ന അമ്മമാർക്ക് പ്രത്യേക പരിചരണങ്ങൾ ലഭ്യമാക്കുന്നതിനായി അട്ടപ്പാടിയിൽ "വാത്സല്യ സ്പർശം" പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. നഴ്സിംഗ് പ്രാവീണ്യമുള്ള പട്ടികവർഗ്ഗ യുവതികൾ ഗർഭിണികളെയും, മുലയൂട്ടുന്ന അമ്മമാരെയും വീടുകളിൽ സന്ദർശിച്ച് ഗർഭപരിരക്ഷ, മുലയൂട്ടൽ എന്നിവയെ കുറിച്ചുള്ള അവബോധം നൽകി വരുന്നു. കൂടാതെ പ്രതിരോധ കുത്തിവയ്പ് നൽകൽ, പോഷകാഹാര കുറവുള്ള കുട്ടികളേയും ഗർഭിണികളെയും കണ്ടെത്തി ചികിൽസിക്കുന്നതിനുമുള്ള പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ, അയൺ ഫോളിക് ആസിഡ്, വിറ്റാമിനുകൾ എന്നിവയുടെ വിതരണം എന്നീ പ്രവർത്തനങ്ങളും വകുപ്പ് കൃത്യമായി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ